4416
19/3/21

കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

പാ.കാ.വ-ബി1/18/2021/പാ.കാ.വ

പാർലമെന്ററികാര്യ (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 03/03/2021

## പരിപത്രം

വിഷയം : പാർലമെന്ററികാര്യ വകുപ്പ് – പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി (2019-2021) – എട്ടാമത് റിപ്പോർട്ട് – പ്രധാന ശിപാർശകൾ/നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന : ഉദ്യോഗസ്ഥ ഭരണപരിഷ്കാര (പി.എസ്) വകുപ്പിന്റെ 08/02/2021 തീയതിയിലെ പി.എസ്/46/2021/ഉഭപവ നമ്പർ അനൗദ്യോഗിക കുറിപ്പ്

------

പിന്നോക്കക്കാരായ വിവിധ സമൂഹങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതി മുൻനിർത്തി അവർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതും അവകാശങ്ങൾ സംരക്ഷിക്കേണ്ടതും അവരുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള കർമ്മപദ്ധതികൾ നടപ്പിൽ വരുത്തേണ്ടതും സർക്കാരിന്റെ കടമയാണ്. പിന്നോക്ക സമുദായങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ ഫലപ്രാപ്തിയിൽ എത്തിക്കണമെന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി 1993 ഫെബ്രുവരി 4-ാം തീയതി രൂപീകൃതമായത്. 2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഗവൺമെന്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തീർപ്പായ ഹർജികൾ സംബന്ധിച്ച വിവരങ്ങളും സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് സൂചന കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ ഉദ്യോഗസ്ഥരും അതീവശ്രദ്ധ പുലർത്തേണ്ടതാണ്.

1. സമിതി മുമ്പാകെയുള്ള പരാതികളിന്മേൽ സമിതി നിർദ്ദേശിക്കുന്ന സമയത്തുതന്നെ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ എല്ലാ വകുപ്പുകളും ശ്രദ്ധിക്കേണ്ടതും തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ നൽകുന്ന ഉറപ്പുകൾ പാലിക്കാൻ വകുപ്പുദ്യോഗസ്ഥർ കൂടുതൽ ജാഗ്രത കാണിക്കേണ്ടതുമാണ്.

2. സമിതിയുടെ ജില്ലാതല യോഗങ്ങളിൽ എല്ലാ സർക്കാർ വകുപ്പുകളുടേയും ചുമതലയുള്ള ജില്ലാതല മേലുദ്യോഗസ്ഥർ ഹാജരാകേണ്ടതും സമിതി ആവശ്യപ്പെടുന്ന

വിവരങ്ങൾ കൃത്യമായും വ്യക്തമായും നൽകേണ്ടതുമാണ്.

3. അന്തിമ മറുപടി ലഭ്യമാകാതെ, തീർപ്പാകാതെയുള്ള ഫയലുകളിൽ ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തര ശ്രദ്ധ പതിപ്പിച്ച് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

**ഡോ. വി.പി.ജോയ്**
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് മേധാവികൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Apsery
സെക്ഷൻ ഓഫീസർ